ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരത്തുക നൽകൽ

126 (1155) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരത്തുക നൽകാൻ നാളിതുവരെ സാധിച്ചിട്ടില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക നൽകുന്നതിന് തടസ്സങ്ങൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത തുക എന്നത്തേക്ക് കൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിലെ വിളർ, പാലോട് വില്ലേജുകളിലുൾപ്പെട്ട ചെല്ലഞ്ചിപ്പാലത്തിനുവേണ്ടിയുള്ള അക്വിസിഷന് പി.ഡബ്ല്യു.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2-2-2009-ൽ നൽകിയ അർത്ഥന പ്രകാരം ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തി 11-7-2013-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റികൂടി സ്ഥലവില നിശ്ചയിക്കുകയും 11-8-2014-ലെ എസ്.എൽ.ഐ.സി. മീറ്റിംഗിൽ വില അംഗീകരിക്കുകയും ഫണ്ടിനുവേണ്ടി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ അവസരത്തിൽ ബഹു. മുഖ്യമന്ത്രിക്ക് പരപ്പിൽ, ചെല്ലഞ്ചി പ്രദേശവാസികൾ ബോധിപ്പിക്കുന്നത് എന്ന് തലക്കെട്ടോടുകൂടി ടി അക്വസിഷനെതിരായി ഒപ്പും പേരും രേഖപ്പെടുത്താത്ത ഒരു പരാതി തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിക്കുകയുണ്ടായി. വർഷങ്ങൾക്ക് മുമ്പ് ടി പാലം പണിയുന്നതിനായി 50-ഓളം നാട്ടുകാർ തങ്ങളുടെ സ്ഥലം സൗജന്യമായി സർക്കാരിലേയ്ക്ക് ഒപ്പിട്ട് നൽകിയിരുന്നതായും കഴിഞ്ഞ രണ്ടുവർഷമായി ടി സ്ഥലത്തിന് സർക്കാർ പണം നൽകാമെന്ന് പറഞ്ഞതിനാൽ ബന്ധപ്പെട്ട റവന്യൂ അധികാരികൾ സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന് വില നിശ്ചയിക്കുകയും ചെയ്തുവെന്നും വിലനിർണ്ണയത്തിൽ സ്ഥലത്തിന്റെ ശരാശരി വിലയേക്കാൾ കൂടുതൽ വില നൽകിയിട്ടുണ്ടെന്നും ഇത് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചേർന്നുള്ള അഴിമതിയാണെന്നും മറ്റും ആരോപണം ഉന്നയിക്കുകയും ആയത് അന്വേഷിച്ച് അർഹമായ തുക വിലയായി നൽകണമെന്നും മുടങ്ങിക്കിടക്കുന്ന പാലം

LIBRARY ARCHIVES Kerala Legislative Assembly

പണി പുനരാരംഭിച്ച് അടിയന്തരമായി തീർപ്പാക്കണമെന്നും പ്രസ്തുത പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ഈ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.എ.)യെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം ചെല്ലഞ്ചിപ്പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിലേയ്ക്ക് പാലോട്, കല്ലറ വില്ലേജുകളിൽപ്പെട്ട 41 പേർ ലാന്റ് റിലിങ്കുിഷ്മെന്റ് ഫാറം പി.ഡബ്ല്യു.ഡി. അധികൃതർക്ക് ഒപ്പിട്ട് കൈമാറിയിട്ടുണ്ടായിരുന്നെന്നും എന്നാൽ യഥാസമയം 5 ഫാറങ്ങൾ അനന്തര നടപടികൾക്കായി റവന്യൂ അധികൃതർക്ക് കൈമാറുന്നതിന് പകരം 5 ആഫീസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തു.

5 പരാതി സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം റിക്വിസിഷൻ അതോറിറ്റിയായ പി.ഡബ്ല്യു.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്, എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി സംരക്ഷണം

127 (1156) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്കിൽ സ്വകാര്യ വ്യക്തികളിൽനിന്ന് പിടിച്ചെടുത്ത റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

കയ്യേറ്റം ഒഴിപ്പിച്ച ഭൂമിയിൽ വീണ്ടും കയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിനുള്ള കർശന നിർദ്ദേശം ജില്ലാ കളക്ടർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

പാട്ട ഭൂമിയിൽനിന്ന് വാടക

128 (1158) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാട്ടത്തിന് നൽകിയ ഭൂമിയിൽനിന്ന് വാടക യഥാസമയം പിരിച്ചെടുക്കാത്തതുമൂലം എത്ര നഷ്ടമുണ്ടായതായിട്ടാണ് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; പ്രസ്തുത തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly